# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08-07-2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ റഷ്യ - ഓസ്ട്രിയ സന്ദർശനത്തിന് തുടക്കമായി. ഇരു രാജ്യങ്ങളുമായുള്ള ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ സന്ദർശനം സഹായകരമാകുമെന്ന് പ്രധാനമന്ത്രി.
2. കമ്പനി ബോർഡ് ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി എസ് സി യ്ക്ക് വിടാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ.
3. ജൽ ജീവൻ പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്.
4. പെരുമൺ തീവണ്ടി ദുരന്തത്തിൻറെ 36 -ാം വാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് നാട്.
5. കോപ്പ അമേരിക്ക ,യൂറോ കപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം.

*********************************************

RIU TVPM

## പ്രധാനമന്ത്രി

റഷ്യ - ഓസ്ട്രിയ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ നിന്ന് യാത്ര തിരിച്ചു. മൂന്ന് ദിവസം നീളുന്ന സന്ദർശനത്തിൽ റഷ്യ-ഓസ്ട്രിയൻ പ്രസിഡൻറുമാരുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇരു രാജ്യങ്ങളുമായുള്ള ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ സന്ദർശനം സഹായകരമാകുമെന്നും ഇന്ത്യൻ സമൂഹവുമായി ആശയവിമയം നടത്തുമെന്നും യാത്രക്ക് മുന്നോടിയായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുതിൻറെ ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം.

***********************************************

## നിയമസഭ-മുഖ്യമന്ത്രി -2 -(ഇൻട്രോ)

കമ്പനി ബോർഡ് ഉൾപ്പടെ എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി എസ് സി യ്ക്ക് വിടാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. നിയമനം പി എസ് സി യ്ക്ക് വിട്ട സ്ഥാപനങ്ങൾക്കായി വിശേഷാൽ ചട്ട രൂപീകരണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സ്ഥിതി വിലയിരുത്തി വരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

RNUTVPM

പി എസ് സി അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള വഴിവിട്ട നടപടികളും നടന്നിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

**********************************************

## നിയമസഭ - വാക്കൗട്ട്

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്കൌട്ട്. ജൽ ജീവൻ പദ്ധതി, ലക്ഷ്യം കൈവരിക്കാത്ത സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യാനുളള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. പ്രതിപക്ഷത്ത് നിന്ന് അനൂപ് ജേക്കബ് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ജൽ ജീവൻ മിഷൻ നിശ്ചലമാകുന്ന അവസ്ഥയാണ് സംസ്ഥാനത്ത് ഉള്ളതെന്ന് അനൂപ് ജേക്കബ് ആരോപിച്ചു. കൃത്യമായ സർവ്വേ നടത്താതെയാണ് സംസ്ഥാന സർക്കാർ ജൽ ജീവൻ പദ്ധതി സമർപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. സംസ്ഥാനത്തെ ശുദ്ധജല വിതരണം പാളിപ്പോയെന്നും വി ഡി സതീശൻ പറഞ്ഞു. പദ്ധതിയിലൂടെ മൂന്നര വർഷത്തിനിടെ 19.5 ലക്ഷം കണക്ഷൻ നൽകിയതായി മന്ത്രി റോഷി അഗസ്റ്റിൻ മറുപടിയായി പറഞ്ഞു. എല്ലാ കുടുംബങ്ങളിലും വെള്ളം എത്തിക്കുന്നതിനുള്ള സർക്കാരിൻറെ ശ്രമം ഒരിക്കലും പാഴാകില്ല. അതിനാൽ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും, മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്നാണ് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചത്.

PNU TVPM

************************************************

## നിയമസഭ - വീണാ ജോർജ്

സംസ്ഥാനത്ത് 3 മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 11 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെന്ന് മന്ത്രി വീണാ ജോർജ്. പ്രസവ ശുശ്രൂഷ നടത്തുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതിനെ കണക്കാക്കാൻ കഴിയും. ഇതുവരെ സംസ്ഥാനത്തെ 176 സർക്കാർ ആശുപത്രികൾക്ക് NQAS അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ഇതിൽ 100 സ്ഥാപനങ്ങൾക്ക് ഈ സർക്കാരിൻറെ കാലത്താണ് അംഗീകാരം ലഭിച്ചതെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

RNU TVPM

************************************************

## നിയമസഭ -മുഖ്യമന്ത്രി

ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളും നിയമ നടപടികളും സ്വീകരിച്ചു വരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 2016 മുതൽ 2024 മെയ് 31 വരെ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിൻറെ പേരിൽ 108 പോലീസ് ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടു. മാഫിയാ ബന്ധം, അഴിമതി, നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിങ്ങനെ ആരോപണ വിധേയരായ പോലീസ്

ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. ഏറ്റവും നല്ല ക്രമസമാധാന നിലയുള്ള, അന്വേഷണ മികവുള്ള സംസ്ഥാനമായി കേരളത്തെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സൈബർ പോലീസ് വിഭാഗം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ആണ് നടത്തി വരുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

***********************************************

**മുഖ്യമന്ത്രി - റോജി എം ജോൺ**

സംസ്ഥാനത്തെ ട്രാഫിക് സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നത് ട്രാഫിക് സ്റ്റേഷനുകളിൽ നിന്നും ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ തരത്തിലാണ് കേന്ദ്രീകൃത സംവിധാനത്തെ ഇപ്രകാരം പ്രാദേശിക തലത്തിലേക്ക് മാറ്റിയത്. നൂതന സാങ്കേതികവിദ്യ കൂടി സംയോജിപ്പിച്ച് ഗതാഗത നിയന്ത്രണത്തിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും റോജി.എം ജോൺ എംഎൽഎയുടെ സബ്മിഷന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

***********************************************

**മുതലപ്പൊഴി**

തിരുവനന്തപുരത്ത് മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു. പെരുമാതുറ സ്വദേശി ഷാക്കിർ സലീമിൻ്റെ വള്ളമാണ് മറിഞ്ഞത്. വള്ളത്തിൽ നിന്ന് വീണതിനെ തുടർന്ന് തലയ്ക്ക് പരിക്കേറ്റ് അബോധാവസ്ഥയിലായ പെരുമാതുറ സ്വദേശി ഹസ്സനെ മെഡിക്കൽ കോളേജിലേക്ക് മാറ്റി. 21 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

***********************************************

<u>രാഷ്ട്രപതി</u>

രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ ഒഡിഷാ സന്ദർശനം പുരോഗമിക്കുന്നു. ഇന്ന് ഭുവനേശ്വറിലെ ഉദയഗിരി, ഖണ്ടഗിരി ഗുഹകൾ രാഷ്ട്രപതി സന്ദർശിക്കും. ഉത്കൽ സർവകശാലയിലെയും വിഭൂതി കനുംകോ കോളേജിലെ വിദ്യാർത്ഥികളുമായും രാഷ്ട്രപതി സംവദിക്കും.

***********************************************

<u>പെരുമൺ തീവണ്ടി ദുരന്തം</u>

പെരുമൺ തീവണ്ടി ദുരന്തത്തിന് 36 വയസ്സ്. 1988 ജൂലൈ എട്ടിനായിരുന്നു രാജ്യത്തെ നടുക്കിയ ദുരന്തം. ഐലൻഡ് എക്സ്പ്രസ് ബോഗികൾ അഷ്ടമുടിക്കായലിലേക്ക് പതിച്ചുണ്ടായ അപകടത്തിൽ 105 പേർ മരിക്കുകയും ഇരുന്നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പെരുമൺ ദുരന്തസ്മാരകത്തിൽ രാവിലെ നടന്ന അനുസ്മരണ പരിപാടിയിൽ മരിച്ചവരുടെ ബന്ധുക്കളും ജനപ്രതിനിധികളും പങ്കെടുത്തു.

RNUTVPM

***********************************************

<u>നിയമന വിവാദം-കോഴിക്കോട്</u>

കോഴിക്കോട്ടെ പിഎസ്സി നിയമന വിവാദ വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തണമെന്ന് DCC പ്രസിഡൻ്റ് കെ പ്രവീൺ കുമാർ ആവശ്യപ്പെട്ടു. സർക്കാരിനും സി പി എമ്മിനും ആത്മാർത്ഥതയുണ്ടെങ്കിൽ അന്വേഷണത്തിന്

തയ്യാറാകണമെന്നും അല്ലെങ്കിൽ പ്രക്ഷോഭവുമായി കോൺഗ്രസ് മുന്നോട്ട് വരുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

***********************************************

## റേഷൻ സമരം

തൊഴിലാളി സംഘടനകളുടെ സംയുക്ത സമരസമിതി പ്രഖ്യാപിച്ച രണ്ട് ദിവസത്തെ രാപ്പകൽ സമരത്തിൻറെ പശ്ചാത്തലത്തിൽ റേഷൻ വിതരണം ഇന്ന് പൂർണമായും മുടങ്ങി. മന്ത്രി ജി ആർ അനിലുമായി റേഷൻ ഡീലർമാരുടെ സംഘടനാ നേതാക്കൾ നടത്തിയ ചർച്ചയിൽ തീരുമാനമാകാത്തതോടെയാണ് സമരം. റേഷൻ കടകൾ നടത്തുന്നവർക്ക് പ്രതിഫലം നൽകുന്നതിന് നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുക, ജീവനക്കാർക്ക് സർക്കാർ ശമ്പളം നൽകുക, ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

RNU TVPM

***********************************************

## കോപ്പ അമേരിക്ക-യൂറോ കപ്പ്

കോപ്പ അമേരിക്ക ,യൂറോ കപ്പ് മത്സരങ്ങൾ സെമി ഫൈനലിലേക്ക് കടക്കുന്നു. ബുധനാഴ്ച നടക്കുന്ന യൂറോ കപ്പിന്റെ ആദ്യ സെമിയിൽ സ്പെയിൻ ഫ്രാൻസിനെ നേരിടും. ക്വാർട്ടറിൽ ജർമനിയെ കീഴടക്കിയാണ് സ്പെയിൻ സെമിയിലേക്ക് മുന്നേറിയത്. പോർച്ചുഗലിനെ തോൽപിച്ചാണ് ഫ്രാൻസിൻറെ സെമി പ്രവേശനം. രണ്ടാം സെമിയിൽ ഇംഗ്ലണ്ടും ഹോളണ്ടും തമ്മിൽ ഏറ്റുമുട്ടും. കോപ്പ അമേരിക്കയിൽ ബുധനാഴ്ച നടക്കുന്ന ആദ്യ സെമിയിൽ അർജന്റീന

ക്യാനഡയെ നേരിടും. കൊളംബിയ - ഉറുഗ്വയ് തമ്മിലാണ് രണ്ടാം സെമി മത്സരം.

**********************************************

## ക്രിക്കറ്റ്

ഇന്ത്യ-സിംബാബെ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം മറ്റന്നാൾ നടക്കും. ഇന്നലെ നടന്ന മത്സരത്തിൽ സിംബാബയെ 100 റൺസിന് ഇന്ത്യ പരാജയപ്പെടത്തി. ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ 2 വിക്കറ്റിന് 234 റൺസ് നേടി. എന്നാൽ മറുപടി ബാറ്റിങ്ങിനിറങ്ങിയ സിംബാബ്വെ 18.4 ഓവറിൽ 134 റൺസെടുത്ത് എല്ലാവരും പുറത്താവുകയായിരുന്നു.

RNU TVPM

**********************************************

## പ്ലസ് വൺ അലോട്ട്മെൻറ്

പ്ലസ് വൺ പ്രവേശനത്തിൻറെ ആദ്യ സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. നാളെ വൈകിട്ട് 4 വരെ പ്രവേശനം നടക്കും. അലോട്ട്മെൻറ് നേടിയവർ ഫീസ് അടച്ച് സ്ഥിര പ്രവേശനം നേടണം. സ്ഥിര പ്രവേശനം നേടിയില്ലെങ്കിൽ പ്രവേശന പ്രക്രിയയിൽ നിന്ന് പുറത്താകും.

**********************************************

## അഗ്നിവീർ വായു

ഇന്ത്യൻ എയർ ഫോഴ്സിലേക്കുള്ള അഗ്നിവീർ വായു രജിസ്ട്രേഷന് ഇന്ന് തുടക്കം.ഈ മാസം 28 വരെ രജിസ്ട്രേഷൻ

നടത്താം. കൂടുതൽ വിവരങ്ങൾക്ക് agnipathvayu.cdac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**********************************************

**ബിജെപി സംസ്ഥാന സമ്മേളനം**

ബിജെപി സംസ്ഥാന വിശാല നേതൃസമ്മേളനം നാളെ തിരുവനന്തപുരത്ത് നടക്കും. 3,000-ത്തോളം കാര്യകർത്താക്കൾ സംബന്ധിക്കുന്ന സമ്മേളനത്തിൽ ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പി. നഡ്ഡ പങ്കെടുക്കും. രാവിലെ 11 മുതൽ വൈകിട്ട് 6 വരെയാണ് സമ്മേളനം.

**********************************************

RNU TVPM

**ഹജ്ജ്**

ഇത്തവണത്തെ ഹജ്ജ് കർമ്മത്തിനായി കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് പോയ ഹാജിമാരുമായുള്ള ആദ്യ വിമാനം ബുധനാഴ്ച പുലർച്ചയോടെ കണ്ണൂരിൽ എത്തിച്ചേരും. മദീനയിൽ നിന്ന് സൗദി എയർലൈൻസിൻ്റെ വൈഡ് ബോഡി വിമാനത്തിൽ 361 യാത്രക്കാരുമായാണ് വിമാനം എത്തിച്ചേരുക. ഈ മാസം 19 വരെ ആകെ 9 വിമാനങ്ങൾ മദീനയിൽ നിന്ന് കണ്ണൂരിലേക്ക് സർവീസ് നടത്തും.

**********************************************

**<u>കള്ളക്കടൽ പ്രതിഭാസം</u>**

കേരള തീരത്തും, തമിഴ്നാട് തീരത്തും നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

********

******************

**********************************

RNU TVPM